"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് -കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - വിജിലൻസ് മിന്നൽ പരിശോധനാ റിപ്പോർട്ട്- ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ സീനിയർ ക്ലർക്കുമാരായ ശ്രീമതി അശ്വതി, ശ്രീമതി റഹ്മത്ത് ബീവി, ക്ലർക്ക് ശ്രീ.നൈസ് ഇക്ബാൽ എന്നിവർക്കെതിരായ അച്ചടക്കനടപടി — തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.203/2024/LSGD തീയതി,തിരുവനന്തപുരം, 24-01-2024

---

പരാമർശം:-

1. വിജിലൻസ് ഡയറക്ടറുടെ 01.01.2019തീയതിയിലെ ഇ6(എസ്.സി.25/18/എ.എൽ.പി)37924/2018നമ്പർ കത്ത്
2. 12.04.2019 തീയതിയിലെ ഇയു2-84/2019-തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ/പത്രിക.
3. പ്രിൻസിപ്പൽഡയറക്ടറുടെ 03.01.2024തീയതിയിലെ LSGD/PD/2935/2023-VIGA6 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും പ്രവർത്തിക്കുന്ന എഞ്ചിനീയറിങ് വിഭാഗങ്ങളിൽ കെട്ടിട നിർമ്മാണാനുമതി നൽകുന്നതിലും മറ്റും വ്യാപകമായ ക്രമക്കേടുകളും അഴിമതിയും നടന്നു വരുന്നതായുള്ള ആക്ഷേപങ്ങളെപ്പറ്റിയുള്ള അന്വേഷണത്തിന്റെ ഭാഗമായി വിജിലൻസ് ആൻറ് ആൻറി കറപ്ഷൻ ബ്യൂറോ 03/11/2018 തീയതിയിൽ ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ എഞ്ചിനീയറിങ് വിഭാഗത്തിൽ നടത്തിയ മിന്നൽ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് ക്രമക്കേടുകൾക്ക് ആരോപണ വിധേയരായ സീനിയർ ക്ലർക്കുമാരായ ശ്രീമതി അശ്വതി, ശ്രീമതി റഹ്മത്ത് ബീവി, ക്ലർക്ക് ശ്രീ.നൈസ് ഇക്ബാൽ എന്നിവർക്കെതിരേ അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു.

2. കുറ്റാരോപണ മെമ്മോകൾക്ക് ടിയാളുകൾ സമർപ്പിച്ച എതിർവാദ പത്രികകളിൻമേൽ തദ്ദേശസ്വയംഭരണ വകുപ്പ്, ആലപ്പുഴ ജില്ലാ ജോയിൻറ് ഡയറക്ടർ അന്വേഷണം നടത്തി സമർപ്പിച്ച അഭിപ്രായ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച പരാമർശം 3 റിപ്പോർട്ട് പ്രകാരം, വിജിലൻസ് റിപ്പോർട്ട് പ്രകാരം 2018 വർഷത്തിൽ 03/11/2018 വരെ 2004 കെട്ടിട നിർമ്മാണാനുമതി അപേക്ഷകൾ സ്വീകരിച്ചിട്ടുള്ളതായും ആയതിൽ 1581 എണ്ണത്തിന് പെർമിറ്റ് നൽകിയതായും 137 എണ്ണം പെൻഡിങ്ങായും കാണപ്പെട്ടിട്ടുള്ളതാണ് എങ്കിലും ആയത് വിശ്വാസയോഗ്യമാണോയെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. കാരണം ഇതുമായി ബന്ധപ്പെട്ട ഇ3, ഇ5, ഇ6 എന്നീ സെക്ഷനുകൾ കൈകാര്യം ചെയ്തിരുന്ന യഥാക്രമം

സീനിയർ ക്ലർക്ക് അശ്വതി, സീനിയർ ക്ലർക്ക് റഹ്മത്ത്ബീവി, ക്ലർക്ക് നൈസ് ഇക്ബാൽ എന്നിവർ പേഴ്സണൽ രജിസ്റ്റർ പെർമിറ്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിരുന്നില്ലായെന്നും റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ടി ജീവനക്കാർക്ക് പേഴ്സണൽ രജിസ്റ്റർ, പെർമിറ്റ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ച് കാണുന്നില്ലായെന്നും, 2018 ൽ ബിൽഡിംഗ് പെർമിറ്റിനു ലഭിച്ച 2004 അപേക്ഷകളിൽ 286 അപേക്ഷകളെപ്പറ്റി വിവരങ്ങൾ ഒന്നും ലഭ്യമല്ല എന്നും ആയത് ടി ജീവനക്കാരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി കണ്ടെത്തിയിരിയ്ക്കുന്നുവെന്നും കാണിച്ച് കുറ്റാരോപണ മെമ്മോ പുറപ്പെടുവിച്ചിരുന്നു .

3. പ്രസ്തുത മെമ്മോയ്ക്ക് ടിയാളുകൾ സമർപ്പിച്ചിട്ടുള്ള വിശദീകരണത്തിൽ അമിത ജോലിഭാരം മൂലമാണ് ഇത്തരത്തിൽ വീഴ്ച സംഭവിച്ചത് എന്നാണ് സൂിപ്പിച്ചിട്ടുള്ളത്. കൂടാതെ മുനിസിപ്പൽ എഞ്ചിനീയറുടെ നിർദ്ദേശപ്രകാരം 2017 മുതലുള്ള ബിൽഡിംഗ് പെർമിറ്റ് ഫയലുകളെ സംബന്ധിച്ച് രജിസ്റ്റർ എഴുതിയിട്ടുണ്ട് എന്നും, എന്നാൽ ടി രജിസ്റ്ററിൽ തന്നെ ഒക്യുപ്പൻസി രേഖപ്പെടുത്താൻ സാധിച്ചിട്ടില്ലായെന്നും, എന്നാൽ ഒക്യുപ്പൻസി രജിസ്റ്റർ പ്രത്യേകം തയ്യാറാക്കിയിട്ടുണ്ടെന്നും പെർമിറ്റ് നമ്പർ ക്രമം തെറ്റായി വന്നിട്ടുള്ളതുമൂലമാണ് ഒക്യുപ്പൻസി രജിസ്റ്റർ വേറെ തയ്യാറാക്കി രേഖപ്പെടുത്തേണ്ട സാഹചര്യം വന്നിട്ടുള്ളതെന്നും സൂചിപ്പിച്ചിരിക്കുന്നു.

4. കുറ്റാരോപണ മെമ്മോയിൽ കാണിച്ചിരിക്കുന്ന 286 അപേക്ഷകൾ എന്നത് സങ്കേതം ലോഗിനിൽ നിന്നുള്ള ആകെ അപേക്ഷകളുടെ എണ്ണമാണ് എന്നും, സങ്കേതം സോഫ്റ്റ് വെയർ ആരംഭിച്ച സമയം മുതൽ ഉള്ള പെൻഡിംഗ് ലിസ്റ്റാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നുമാണ് മൂന്നു പേരുടെയും വിശദീകരണത്തിൽ സൂചിപ്പിച്ചിട്ടുള്ളത്.

5. വിജിലൻസ് പരിശോധന സമയത്ത് ഇ3 സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ശ്രീമതി അശ്വതി ജെ ഇ5 സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ശ്രീമതി.റഹ്മത്ത് ബീവി ഇ6 സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ശ്രീ.നൈസ് ഇക്ബാൽ എന്നിവർ പേഴ്സണൽ രജിസ്റ്റർ,ബിൽഡിങ് പെർമിറ്റ് രജിസ്റ്റർ എന്നിവ കൃത്യമായി തയ്യാറാക്കിയിരുന്നില്ല എന്നത് ഓഫീസ് നടപടിക്രമങ്ങളിൽ ഉള്ള വീഴ്ചയായി കണക്കാക്കാവുന്നതാണ് എന്നും ടീ സെക്ഷനിൽ വിവിധ വാർഡുകളുടെ ബിൽഡിംഗ് പെർമിറ്റ്, ഒക്കുപ്പൻസി, വിവരാവകാശം, പരാതി എന്നിങ്ങനെയുള്ള ചുമതലകളും, ഐ.ബി.പി.എം.എസ്, അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട ഫയലുകളെ സംബന്ധിച്ച നീക്കുപോക്കുകൾ, നോട്ടീസ് തുടർനടപടികൾ എന്നിവ സംബന്ധിച്ച ജോലികളും, വാസയോഗ്യം, വാല്യൂഷൻ എന്നീ അപേക്ഷകളിൻമേൽ റിപ്പോർട്ട് വാങ്ങി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച ജോലികളും, തോട് കയ്യേറ്റം പോലുള്ള പരാതികളിൻമേൽ തുടർനടപടി സ്വീകരിക്കേണ്ടതും, മറ്റിതര കോടതികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ എന്നിങ്ങനെ ഫയൽ വർക്കുകളുടെ ജോലിഭാരം ഉള്ള സെക്ഷനുകളാണ് എന്നും 286 അപേക്ഷകൾ എന്നു പറയുന്നത് സങ്കേതം ലോഗിനിൽ നിന്നുള്ള ഈ മൂന്നു സെക്ഷന്റെയും ആകെ കണക്കുകളാണ് എന്നും അറിയിക്കുന്നു. സങ്കേതം സോഫ്റ്റ് വെയർ ആരംഭിച്ച സമയം മുതലുള്ള പെൻഡിംഗ് ലിസ്റ്റാണ് ആയതിൽ രേഖപ്പെടുത്തിയിരിക്കുന്നത് എന്നും ആയത് സംബന്ധിച്ച് ടി ജീവനക്കാർ ബന്ധപ്പെട്ട അധികാരികളെ രേഖാമൂലം അറിയിച്ചിട്ടുള്ളതുമാണ് എന്നും കൂടാതെ സെക്ഷനിൽ വന്ന് ചേരുന്ന ഫയലുകളിൽ പെൻഡിംഗ് സംബന്ധിച്ച് മതിയായ കാരണങ്ങൾ ഉള്ള കക്ഷികൾക്ക് നോട്ടീസ് നൽകിയിട്ടുള്ളതുമാണ് എന്നും സങ്കേതം സോഫ്റ്റ് വെയറിന്റെ സാങ്കേതിക തകരാറും ഇത്തരത്തിൽ ഒരു സ്റ്റേറ്റ്മെൻറ് ലഭിക്കുന്നതിന് ഇടയാക്കിയിട്ടുള്ളതുമാണ്. മേൽ സാഹചര്യങ്ങൾ പരിഗണിച്ച് മേലിൽ ഇത്തരം കൃത്യവിലോപം

ആവർത്തിക്കാതിരിക്കുന്നതിന് മൂന്ന് ജീവനക്കാർക്കും കർശന താക്കീത് നൽകി തുടർനടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

6. സർക്കാർ ഇക്കാര്യം പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം വിശദമായി പരിശോധിച്ചതിൽ വിജിലൻസ് റിപ്പോർട്ടിലെ കണ്ടെത്തലുകൾ പ്രകാരമുള്ള ആരോപണങ്ങളിൽ ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ സീനിയർ ക്ലർക്കുമാരായ ശ്രീമതി അശ്വതി, ശ്രീമതി റഹ്മത്ത് ബീവി, ക്ലർക്ക് ശ്രീ.നൈസ് ഇക്ബാൽ എന്നിവരുടെ ഭാഗത്ത് നിന്നും മനപൂർവ്വമല്ലാത്ത വീഴ്ചയുണ്ടായിട്ടുള്ളതായി കാണുന്നു.

7. മേൽ സാഹചര്യത്തിൽ വിജിലൻസ് മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ സീനിയർ ക്ലർക്കുമാരായ ശ്രീമതി അശ്വതി, ശ്രീമതി റഹ്മത്ത് ബീവി, ക്ലർക്ക് ശ്രീ.നൈസ് ഇക്ബാൽ എന്നിവർക്കെതിരായി അരംഭിച്ച അച്ചടക്കനടപടി, മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ടിയാളുകൾക്ക് കർശനമായ താക്കീത് നൽകിക്കൊണ്ട് അച്ചടക്കനടപടിയിൽ തുടർനടപടികൾ അവസാനിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം
ശ്രീമതി അശ്വതി, സീനിയർ ക്ലർക്ക്, ആലപ്പുഴ നഗരസഭ ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീമതി റഹ്മത്ത് ബീവി, സീനിയർ ക്ലർക്ക്, ആലപ്പുഴ നഗരസഭ ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീ.നൈസ് ഇക്ബാൽ, ക്ലർക്ക്, ആലപ്പുഴ നഗരസഭ ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 24-01-2024 15:10:04
സെക്ഷൻ ഓഫീസർ